**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3200** **13-07-2022 - ൽ മറുപടിയ്ക്ക്**

**എയിഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാരെ നിയമിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയിഡഡ് സ്കൂളുകളിൽ കോടതി ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരെ നിയമിക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 18.11.2018 ലെ സ.ഉ(പി)നം.18/2018/സാ.നീ.വ ഉത്തരവിലെ ഖണ്ഡിക 6(i),(ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07.02.1996 മുതൽ 18.04.2017 വരെ 3%, 19.04.2017 മുതൽ 4% എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08.11.2021 ൽ സ.ഉ (പി) നം.19/2021/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 07.02.1996 മുതൽ 18.04.2017 വരെ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങളുടെ 3 ശതമാനം, 19.04.2017 മുതൽ നടത്തിയ നിയമനങ്ങളുടെ 4 ശതമാനം എന്ന നിലയിൽ നിയമന റോസ്റ്റർ തയാറാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ 07.02.1996 മുതൽ 18.04.2017 വരെ 33 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും, 19.04.2017 മുതൽ 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും ഭിന്നശേഷി നിയമനത്തിനായി നീക്കിവച്ച് ബാക്ക് ലോഗ് കണക്കാക്കി നിയമനം നടത്താൻ 25.06.2022 ലെ സ.ഉ(കൈ) നം.111/2022/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന 19808/21നമ്പർ റിട്ട് പെറ്റീഷന്റെ അന്തിമ വിധിന്യായം അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എയിഡഡ് സ്കൂളിലെ അദ്ധ്യാപകരും ജീവനക്കാരും സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ സർക്കാർ സർവ്വീസിൽ ആശ്രിത നിയമനം ലഭിക്കുന്നതു പോലെ എയിഡഡ് സ്കൂളുകളിലും ആശ്രിത നിയമനം നടപ്പിൽവരുത്തുവാൻ നടപടികൾ ഉണ്ടാകുമോ;അറിയിക്കാമോ? | (ബി) | കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XIV A ചട്ടം 51 ബി, XXIV A ചട്ടം 9 A എന്നിവ പ്രകാരം പ്രസ്തുത വ്യവസ്ഥ നിലവിലുണ്ട്. സേവനത്തിലിരിക്കെ മരണപ്പെടുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ആശ്രിതർക്ക് അവരുടെ യോഗ്യതക്ക് അനുസരിച്ച് പ്രസ്തുത മാനേജ് മെന്റിന് കീഴിൽ ഒഴിവു വരുന്ന തസ്തികയിൽ നിയമനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ